# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മേയ് 7

# വാർത്താക്കുറിപ്പ്

## സിൻഡിക്കേറ്റ് യോഗം 26ന്

മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗം മേയ് 26ന് രാവിലെ 10.30ന് സർവകലാശാല സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ/39/474/2020)

## ആരോഗ്യ സേതു ആപ്
## ഉപയോഗിക്കാൻ നിർദേശം

കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര ഇലക്‌ട്രോണിക്സ്-ഐടി മന്ത്രാലയം വികസിപ്പിച്ച 'ആരോഗ്യ സേതു' കോവിഡ് ട്രാക്കിങ് ആപ്ലിക്കേഷൻ എല്ലാ ജീവനക്കാരും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു. കോളജുകളിലെ അധ്യാപകരും അനധ്യാപകരും വിദ്യാർഥികളും ആരോഗ്യസേതു കോവിഡ് ട്രാക്കിങ് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത് ഗുണകരമാണ്. www.mygov.in/aarogya-setu-app/ എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം. 11 ഭാഷകളിൽ ലഭ്യമാണ്. യു.ജി.സി. ഇതു സംബന്ധിച്ച നിർദേശം സർവകലാശാലകൾക്കു നൽകിയിട്ടുണ്ട്.

(പി.ആർ.ഒ/39/475/2020)

## പരീക്ഷാഫലം

2019 ജൂണിൽ നടന്ന എം.എ. സിറിയക് രണ്ടാം സെമസ്റ്റർ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/476/2020)

2019 ജൂണിൽ നടന്ന എം.എസ് സി. ആക്ച്യൂറിയൽ സയൻസ് രണ്ടാംസെമസ്റ്റർ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/477/2020)

2019 സെപ്റ്റംബറിൽ നടന്ന ഒന്നാംവർഷ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ മൈക്രോ ബയോളജി(നോൺ സി.എസ്.എസ്-റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്പരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാനുള്ള തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/478/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ